ഉള്ളത്. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്കും ഉദ്യോഗസ്ഥ അംഗങ്ങൾക്കും ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ അവകാശം ഇല്ല. എന്നാൽ പ്രസ്തുത റൂൾസിലെ 86 (2) പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്കും ഉദ്യോഗസ്ഥ അംഗങ്ങൾക്കും പ്രസ്തുത വോട്ടവകാശം ഒഴികെ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉണ്ട്.

(എഫ്) ഉണ്ട്.

ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സിൻഡിക്കേറ്റിലുണ്ടായ ഒഴിവുകൾ

158 [778] ശ്രീ. എ. കെ. മണി:

,, എം. പി. ഗംഗാധരൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, എൻ. ഡി. അപ്പച്ചൻ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റിന്റെ ഘടനയിൽ മാറ്റം വരുത്തണമെന്ന് യു. ജി. സി. ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത്; ഇതിൻമേൽ നടപടിയെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വകലാശാല സിൻഡിക്കേറ്റിലുണ്ടായ ഒഴിവുകൾ 2004 മേയിലോ അതിനുശേഷമോ നികത്തുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതനുസരിച്ച് സർവ്വകലാശാല സിൻഡിക്കേറ്റിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശമടങ്ങിയ ഫയൽ ഗവൺമെന്റ് വഴിയാണോ ചാൻസലർക്കു സമർപ്പിക്കേണ്ടത് എന്ന് അറിയിക്കാമോ;

(ഇ) 2004 മേയിൽ പ്രസ്തുത സർവ്വകലാശാല സിൻഡിക്കേറ്റിലെ ഒഴിവുകൾ നികത്തുന്നതിന് ചാൻസലർക്കയച്ച ഫയൽ ഗവൺമെന്റ് മുഖേനയാണോ സമർപ്പിച്ചിട്ടുള്ളത് എന്നും അല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(എഫ്) പ്രസ്തുത നിയമനം സംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ അത് ഗസറ്റിൽ പ്രസിദ്ധീകരിച്ചുവോ;

(എച്ച്) അത് ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാരാണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആവശ്യപ്പെട്ടിട്ടില്ല.

(ബി) 28-5-2004-ലെ ജി.എസ്. 5-1204/2004 നമ്പർ വിജ്ഞാപനം പ്രകാരം ബഹു. ചാൻസലർ സിൻഡിക്കേറ്റ് പുന:സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ട്. 1994-ലെ 13-ാം വകുപ്പ് പ്രകാരം ബഹു. ചാൻസലർ ഓരോ നാലുവർഷം കൂടുമ്പോഴും സിൻഡിക്കേറ്റ് പുന:സംഘടന ചെയ്യേണ്ടതാണ്.

(ഡി) ഫയൽ സർക്കാർ മുഖേന സമർപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ചാൻസലറുടെ 28-5-2004-ലെ ജി.എസ്. 5-1204/2004 നം. വിജ്ഞാപനം പ്രകാരം സിൻഡിക്കേറ്റ് പുന:സംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ജി) 31-5-2004-ലെ 1163-ാം നമ്പർ കേരള ഗസറ്റ് അസാധാരണം ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(എച്ച്) വിജ്ഞാപനം പുറപ്പെടുവിച്ച ഗവർണറുടെ സെക്രട്ടേറിയറ്റിൽ നിന്നും നൽകുന്നതനുസരിച്ച് സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടാണ് പ്രസിദ്ധീകരിക്കുന്നത്.

കാര്യവട്ടം കാമ്പസ്സിലെ ബയോ ടെക്നോളജി വകുപ്പ് കെട്ടിടത്തിൽ ഉണ്ടായ തീപിടിത്തം

159[779] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല കാര്യവട്ടം കാമ്പസ്സിൽ പ്രവർത്തിച്ചുവരുന്ന ബയോ ടെക്നോളജി വകുപ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഉണ്ടായ തീപിടിത്തത്തെക്കുറിച്ച് സർവ്വകലാശാലാ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നുവോ;

(ബി) അന്വേഷണത്തിൽ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഉത്തരവാദികളാരെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർവ്വകലാശാലാ തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly